(ഡി) ഇക്കാര്യത്തെപ്പറ്റി ഒന്നും പറയാറായിട്ടില്ല.

(എഫ്) ര ാ ഷില്ലിംഗ്.

(ജി) ടാവൻകൂർ മിനറൽകമ്പനിയിലെ ഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് പി. വ.ശ്രീനാഥൻ എന്നയാളാണ്.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : ഗവമ്മെണ്ട് ഈയാണ്ടിൽ എത്ര ടൺ ഇൽമിനൈറിനു പെർമിറ്റു കൊടുത്തിട്ടുണ്ട്?

ശ്രീ. ജാൺ ഫിലിപ്പോസ് : അതു പറയാറായിട്ടില്ല.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : ആരാണ് പെർമിറ്റു കൊടുക്കുന്നത് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഗവമ്മെണ്ടാണ്.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : പിന്നെ എന്തുകൊണ്ടാണ് ഇതുവരെ ശരിയായ വിവരങ്ങൾ ശേഖരിക്കുവാൻ കഴിയാഞ്ഞത് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഡിപ്പാർട്ടുമെണ്ടിൽനിന്നും അതിന്റെ ഇൻഫർമേഷൻ വന്നിട്ടില്ല.

ശ്രീ കെ. എം. മുഹമ്മദ് : സ്റ്റെർലിംഗ് ഡി വാല്യുവേഷന്റെ ഗുണം നമുക്കു സിദ്ധിക്കുന്നില്ലെന്നാണോ പറയുന്നത് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : നമുക്കു അതേപ്പറ്റി പറയാറായിട്ടില്ല എന്നാണു പറഞ്ഞതു്.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : ഇന്ന വിലയ്ക്കാണ് വിറ്റതു് എന്നു പറയാറായിട്ടില്ലെന്നല്ലേ അർത്ഥം ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അതിനകത്തുണ്ട്.

ആദായനികുതി

* ൭൭൦. (൪൯) ശ്രീ. ഇട്ടിര അമ്മുക്കൻ . താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

കഴിഞ്ഞ ബഡ്ജറ്റുവർഷത്തിൽ (ഏപ്രിൽ മാസം) പെട്രോൾവ്യാപാരികളിൽനിന്നും ആകെ ഗവമ്മെണ്ടു് പിരിച്ചിട്ടുള്ള ആദായനികുതി എത്ര ?

ശ്രീ. എ. ജെ. ജാൺ : പെട്രോൾ വ്യാപാരത്തിന്റെ കണക്കു പ്രത്യേകമായി വച്ചിട്ടില്ല.

പട്ടാളം

* ൭൭൧. (൫൦) ശ്രീ. ഇട്ടീര അമ്മുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തെ പട്ടാളം കേന്ദ്രഗവമ്മെണ്ടു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായോ ;

(ബി) ൧൯൫൫-ലെ പട്ടാളച്ചിലവു് എത്ര ഗവമ്മെണ്ടാണു വഹിക്കുന്നതു് ;

(സി) ബച്ചു കമ്മിറ്റി റിപ്പോർട്ടിൽ പട്ടാളച്ചിലവു് മുഴുവനും കേന്ദ്രം വഹിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ടോ ;

(ഡി) ഈ കാര്യത്തിൽ ഐക്യസംസ്ഥാനഗവമ്മെണ്ടു് എന്തെല്ലാം നടപടികളെടുത്തു ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : (എ) ഇല്ല.

(ബി) ഏപ്രിൽ ൧-ാംനു-വരെ രണ്ടു ഗവമ്മെണ്ടുകളും കൂടി ; അതിനു ശേഷം കേന്ദ്രഗവമ്മെണ്ടു മാത്രം.

(സി) ഇല്ല.

(ഡി) കേന്ദ്രഗവമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly